# തിരൂർ: മനുഷ്യബന്ധങ്ങളുടെ വേരറുക്കാൻ ഒരു പരീക്ഷണം

### അവലോകനം/മുഹമ്മദ് കുട്ടി പൊന്മുണ്ടം

**‘സാറേ,** നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?’ – നിരാലംബയും ഹതഭാഗ്യയുമായ ഒരു മാതാവിന്റെ കരച്ചിലുകൾക്കിടയിൽനിന്ന് മാധ്യമപ്രവർത്തകർ ഈ വാക്കുകൾ തെളിച്ചെടുക്കുമ്പോൾ അത് ഒരു മുഖ്യമന്ത്രിയോട് സംസ്ഥാനത്തിന്റെ മുഴുവൻ രോദനമായി ദിഗന്തങ്ങളിൽ മുഴങ്ങുന്നുണ്ടോ? തിരൂർ ബി.പി അങ്ങാടിയിൽ കൊല്ലപ്പെട്ട ആർ.എസ്.എസ്സുകാരൻ തിരുനിലത്തുകണ്ടി രവിയുടെ മാതാവ് രശ്മിയുടെ വിലാപം കേരള മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനോടായിരുന്നു. തിരൂരിനെ വർഗീയതയുടെ പരീക്ഷണശാലയാക്കുന്നു എന്ന, സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ വാക്കുകൾ മാധ്യമ ഓഫീസുകളിൽ എത്തുമ്പോഴേക്കും ഇരുപതോളം വെട്ടുകളേറ്റ് അതിനിഷ്ഠുരമായി വധിക്കപ്പെട്ട മുത്തൂരിലെ പുത്തുതോട്ടിൽ മുഹമ്മദലിയുടെ ഭാര്യ ആസ്യക്കും മാതാവ് മറിയാമുവിനും മുഖ്യമന്ത്രിയെ കാണുകയാണെങ്കിൽ ഇതേ ചോദ്യംതന്നെയാവും ചോദിക്കാനുണ്ടാവുക. മുഖ്യമന്ത്രിയോ ആഭ്യന്തരമന്ത്രിയോ പ്രധാനമന്ത്രി തന്നെയോ വന്നാലും ആശ്വാസത്തിന്റെ പെരുമഴ വർഷിച്ചാലും പരിഹരിക്കാവുന്നതല്ല ഇവരുടെയൊന്നും വേദനകൾ. ശേഷിക്കുന്ന ജീവിതം മുഴുവൻ ഭീതിയുടെയും നൊമ്പരങ്ങളുടെയും കനൽക്കട്ടകളിൽ ഞെരിഞ്ഞമരാനല്ലാതെ ഇവർക്കെന്തിനു കഴിയും?

രണ്ടു പേരെ വധിച്ചും ഒമ്പതോളം പേരെ വെട്ടി പരിക്കേൽപിച്ചും വാളും രക്തവും തിരൂരിലും പരിസരപ്രദേശങ്ങളിലും ചുടലനൃത്തമാടുമ്പോൾ വിവേകത്തിന്റെയും സ്നേഹബന്ധങ്ങളുടെയും നൂലറ്റുപോവാത്ത കേരള ജനത അക്ഷരാർഥത്തിൽ സ്തബ്ധരായി. തലശ്ശേരിയിലും നാദാപുരത്തും പൂന്തുറയിലും മാറാട്ടും നടന്ന നരമേധങ്ങളും കലാപങ്ങളും കേരളത്തിന്റെ മണ്ണിലേക്കൊഴുക്കിയ വിഷബീജങ്ങൾ പുതിയ പരീക്ഷണങ്ങളിലൂടെ തഴപ്പിച്ചെടുക്കാനുള്ള ആസൂത്രിത നീക്കങ്ങൾ പച്ചപ്പുണങ്ങാത്ത കരളുകൾ തിരിച്ചറിഞ്ഞേ പറ്റൂ.

#### ഒരു പകയുടെ തുടർച്ച

2007 ജനുവരി 20 രാത്രി 8.30–ഓടെയാണ് ബി.പി അങ്ങാടിയിലെ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ പരിസരത്തുവെച്ച് രവിയും കൂടെയുണ്ടായിരുന്ന പടിഞ്ഞാറെക്കരയിൽ കടവന്തറയിൽ ബാബുവും ആക്രമിക്കപ്പെട്ടത്. ഇരുവരും ബൈക്കിൽ യാത്ര ചെയ്യുമ്പോൾ മൂന്നു ബൈക്കുകളിലായി പിന്തുടർന്ന ആറംഗ സംഘമാണ് ആക്രമണം നടത്തിയത്. രവി തൽക്ഷണം മരിച്ചു. ബാബുവിനെ സാരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ഒരു ദശകത്തോളമായി ചിലയാളുകൾ കൊണ്ടുനടന്ന പ്രതികാരചിന്തയുടെ ഫലമാണ് ഈ ആക്രമണമെന്ന് അന്നുതന്നെ വ്യക്തമായിരുന്നു. 1998 ആഗസ്റ്റിൽ തിരൂർ പഴംകുളങ്ങര ജംഗ്ഷനിൽ വേട്ടേറ്റു മരിച്ച യാസിറിന്റെ ഘാതകരിൽ പ്രധാനിയെന്ന് സംശയിക്കപ്പെടുന്ന ആളായിരുന്നു രവി. സംഘ് സംഘത്താൽ അതിനിഷ്ഠുരമായി യാസിർ വധിക്കപ്പെടുമ്പോൾ കൂടെയുണ്ടായിരുന്ന ബൈജു എന്ന അബ്ദുൽ അസീസിന് മാരകമായി പരിക്കേൽപിക്കപ്പെട്ടിരുന്നു. ആർ.എസ്.എസ് പ്രവർത്തകനായിരുന്ന ബൈജു യാസിറിന്റെ പ്രേരണയാൽ ഇസ്‌ലാം ആശ്ലേഷിച്ചതായിരുന്നു സംഘ് സംഘത്തെ പ്രകോപിപ്പിച്ചത്. പാതിരയോടെ നടന്ന ഈ കൊലപാതകത്തിലെ മുഴുവൻ പ്രതികളെയും ആസൂത്രിതമായ നീക്കങ്ങളിലൂടെ പോലീസ് പിടികൂടിയിരുന്നു. തൃക്കണ്ടിയൂരിലെ സംഘ് കേന്ദ്രത്തിൽ നടന്ന ഗൂഢാലോചനയിലൂടെ ഉരുത്തിരിഞ്ഞ കൊലപാതകത്തിന് പ്രതികൾ അവിടെ നിന്നുതന്നെ പുറപ്പെടുകയായിരുന്നു. ഈ കേന്ദ്രത്തിന്റെ മുറ്റത്തുനിന്നും കുഴിച്ചെടുത്ത ആയുധങ്ങൾ കൊലക്ക് ഉപയോഗിച്ചതാണെന്ന് പിന്നീട് തെളിയുകയും ചെയ്തു. എന്നാൽ പ്രതികൾ പിടികൂടപ്പെടുകയും കോടതിയിൽ ഹാജരാക്കപ്പെടുകയും ചെയ്തു എന്നല്ലാതെ കൊലപാതകം തെളിയിക്കാൻ പ്രോസിക്യൂഷന് കഴിഞ്ഞില്ലെന്ന കാരണത്താൽ മുഴുവൻ പ്രതികളെയും മഞ്ചേരി ഫാസ്റ്റ് ട്രാക്ക് കോടതി ജഡ്ജി കെ.കെ ചന്ദ്രദാസ് വെറുതെ വിടുകയായിരുന്നു. അതേസമയം, യാസിർ കൊല ചെയ്യപ്പെട്ട ഏതാനും മാസങ്ങൾക്കിടയിൽ തന്നെ യാസിറിന്റെ ഘാതകരിൽ ഒരാളായ ബി.പി അങ്ങാടിയിലെ മോഹനനുനേരെ വധശ്രമം നടന്നിരുന്നു. ഈ കേസിലെ പ്രതികളെ തിരൂർ കോടതി ശിക്ഷിക്കുകയും ചെയ്തിരുന്നു. യാസിർ വധം ഒരു സമൂഹത്തിന്റെ നെഞ്ചു പിളർത്ത സംഭവമായിട്ടും സമുദായത്തിന്റെ ഭാഗത്തുനിന്ന് പ്രത്യാക്രമണമുണ്ടാവുകയോ സഹിഷ്ണുതക്ക് ഭംഗം വരുന്ന നടപടികൾ ഉണ്ടാവുകയോ ചെയ്തില്ല. ഈ അവസ്ഥ മുതലെടുത്താണ് ചില പ്രതികാരദാഹികൾ ഒരു പ്രതിക്കു നേരെ ആക്രമണം അഴിച്ചുവിട്ടത്. യാസിർ വധത്തെ തുടർന്ന് ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങളെ ചെറുക്കുന്നതിൽ മാധ്യമങ്ങളും പോലീസും ജാഗരൂകരായിരുന്നു. അതിനാൽ പ്രശ്നങ്ങൾ സങ്കീർണമായില്ല. യാസിർ വധക്കേസിലെ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കാൻ കോടതിയിൽ നൽകിയ കുറ്റപത്രം കാരണമായിട്ടുണ്ടെന്നാണ് അനുമാനിക്കപ്പെടുന്നത്. പോലീസ് എഫ്.ഐ.ആർ തയാറാക്കുമ്പോൾ തന്നെ ആസൂത്രിതമായ ചില അട്ടിമറികൾ നടത്തിയതായി പിന്നീട് കണ്ടെത്തിയിട്ടുണ്ട്. കേസിലെ ഒന്നാംപ്രതി ഇപ്പോൾ വധിക്കപ്പെട്ട രവിയായിരുന്നു എന്നാണ് പോലീസിന്റെ തന്നെ അഭിപ്രായം. എന്നാൽ പ്രതിപ്പട്ടികയിൽ പിന്നീട് മൂന്നാം പ്രതിയായിട്ടാണ് രവിയുടെ പേര് ചേർക്കപ്പെട്ടത്. ഇത് കോടതിക്ക് ശിക്ഷിക്കാനുള്ള മതിയായ തെളിവുകൾ ലഭിക്കാത്ത സാഹചര്യമുണ്ടാക്കിയതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതോടൊപ്പം വിധിന്യായത്തിലെ പല പരാമർശങ്ങളും കോടതിയെ തെറ്റിദ്ധരിപ്പിക്കാൻ ആസൂത്രിത നീക്കങ്ങൾ നടന്നിരുന്നു എന്ന് സൂചിപ്പിക്കുന്നു. ഇത്തരമൊരവസ്ഥ അക്രമം ആവർത്തിക്കാനിടയാക്കിയേക്കും എന്ന ആശങ്ക പ്രതികളെ വെറുതെവിട്ടതു മുതൽ തന്നെ വ്യാപകമായിരുന്നു.

#### നേർച്ചയിലെ രാഷ്ട്രീയം

വെട്ടം പുതിയങ്ങാടി യാഹും തങ്ങളുടെ ജാറത്തിലെ നേർച്ചക്ക് ഒന്നര ശതകത്തിലധികം പഴക്കമുണ്ടെന്നാണ് പറയപ്പെടുന്നത്. ‘ഇസ്‌ലാമികരീതി’യിൽ നടത്തപ്പെടുന്നതെന്ന് അവകാശപ്പെടുന്ന ഒരു നേർച്ച ഹിജ്റ വർഷത്തിലെ രണ്ടാമത്തെ മാസമായ സ്വഫറിലും, സാമാന്യ ജനങ്ങൾക്ക് വേണ്ടി നടത്തപ്പെടുന്ന ഒരു നേർച്ച ജനുവരി രണ്ടാം വാരത്തിലുമാണ് ആഘോഷിക്കപ്പെടുന്നത്. തിയ്യ സമു

ദായത്തിൽപെട്ട അമ്പാട്ടെ കുഞ്ഞാണ്ടിയുടെ കുടുംബവകയാണ് ഈ നേർച്ചയിലെ ആദ്യ ചടങ്ങായ ചെറിയ കൊടിയേറ്റം. നേർച്ചയുടെ പെട്ടിവരവ് ആഘോഷങ്ങളിൽ ഇവിടെ പല അമുസ്‌ലിം കുടുംബങ്ങളും സംബന്ധിക്കാറുണ്ട്. എന്നാൽ നേർച്ചക്കൊപ്പം തന്നെ വ്യാപകമായി നടന്നിരുന്ന മദ്യപാനം, ചൂതുകളി തുടങ്ങിയ അനാശാസ്യ പ്രവൃത്തികൾ അംഗീകരിക്കാൻ കഴിയാതിരുന്ന നേർച്ച നടത്തിപ്പുകാരായ ജാറം ഭാരവാഹികൾ ഇത്തരത്തിലുള്ള നേർച്ച തടയണമെന്നും ഇത് ഇസ്‌ലാമിക ശരീഅത്തിന് വിരുദ്ധമാണെന്നും കാണിച്ച് 'ഇസ്‌ലാമികരീതി'യിൽ നേർച്ച നടത്താൻ സൗകര്യം ചെയ്യണമെന്നാവശ്യപ്പെട്ട് വഖ്ഫ് ബോർഡിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ നേർച്ച എങ്ങനെ നടത്തണം എന്നതിന് ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനത്തിൽ ഒരു മാർഗനിർദേശം നൽകാൻ കഴിയില്ലെന്നും നേർച്ച നടത്തുന്നവരും അത് പാടില്ലെന്ന് പറയുന്നവരും മുസ്‌ലിംകളിലുള്ളതിനാൽ ഇക്കാര്യത്തിൽ ഖണ്ഡിതമായ അഭിപ്രായം പറയില്ലെന്നും ജാറം ഭാരവാഹികളെ ബോർഡ് അറിയിച്ചു. 2001-ൽ ഇതോടനുബന്ധിച്ച് ഭാരവാഹികൾ തമ്മിലുള്ള തർക്കം മൂലം നേർച്ച നടത്താൻ ആർക്കും കഴിഞ്ഞില്ല. മൂന്നു വർഷം നേർച്ച നടക്കാതെ പോയപ്പോൾ നേർച്ച നടത്താൻ അവകാശവാദമുന്നയിച്ചുകൊണ്ട് മൂന്നോളം കമ്മിറ്റികൾ രംഗത്തുവരികയും 'നേർച്ച സംരക്ഷണ സമിതി' എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും നേർച്ച നടത്താൻ പ്രത്യേക കമ്മിറ്റിക്ക് അധികാരം നൽകി നേർച്ച പുനഃസ്ഥാപിക്കണമെന്ന് വഖ്ഫ് ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതേ തുടർന്ന് ഒരു വഖ്ഫ് ബോർഡ് ഉദ്യോഗസ്ഥന്റെ നിരീക്ഷണത്തിൽ 2005-ൽ നേർച്ച നടത്താൻ അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ ബോർഡ് വിധി ആഗസ്റ്റ് മാസമാണുണ്ടായതെന്നതിനാൽ ആ വർഷം നേർച്ച നടത്താൻ കഴിഞ്ഞില്ല. തുടർന്ന് 2006-ൽ നേർച്ച നടന്നു. അതേസമയം 2007-ൽ നേർച്ച നടത്താൻ പ്രസ്തുത ഉത്തരവ് അനുവദിക്കുന്നില്ലെന്നും അതൊരു താൽക്കാലിക ഉത്തരവാണെന്നും പ്രസ്തുത ഉത്തരവിൽ വഖ്ഫ് ബോർഡ് വ്യക്തമാക്കിയിരുന്നു. എന്നാൽ 2007-ൽ നേർച്ച നടത്താൻ അനുവദിക്കണമെന്നും അതിന് ഭാരവാഹികളെ ചുമതലപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് നേർച്ച സംരക്ഷണ സമിതി വഖ്ഫ് ബോർഡിനെ വീണ്ടും സമീപിച്ചെങ്കിലും ഏതാനും ആളുകൾ ചേർന്ന് രൂപീകരിച്ച മുസ്‌ലിം ഐക്യവേദി എന്ന സംഘടന ഇതിനെതിരിൽ രംഗത്തുവന്നു. നേർച്ച തടയണമെന്ന് വഖ്ഫ് ബോർഡിൽ സമ്മർദം ചെലുത്തിയ ഐക്യവേദി പ്രവർത്തകർ നേർച്ച നടന്നാൽ അത് പ്രദേശത്ത് വൻ ലഹളക്ക് കാരണമാവുമെന്ന് വഖ്ഫ് ബോർഡ് മുമ്പാകെ ശക്തിയുക്തം വാദിച്ചു. ഇതേ തുടർന്ന് നേർച്ച നടത്താൻ ആരെയും ചുമതലപ്പെടുത്താൻ ബോർഡ് ഉദ്ദേശിക്കുന്നില്ലെന്നും, നേർച്ച കലാപസാധ്യത ഉണ്ടാക്കുമെന്നതിനാൽ നേർച്ച നടത്താൻ ആർക്കും അധികാരം തരില്ലെന്നും 2007 ജനുവരി 18-ന് പുറപ്പെടുവിച്ച പ്രത്യേക ഉത്തരവിലൂടെ വഖ്ഫ് ബോർഡ് വ്യക്തമാക്കിയിരുന്നു. എന്നാൽ രാഷ്ട്രീയ ഇടപെടലുകളുടെയും നേർച്ച സംരക്ഷണ സമിതിയുടെ സമ്മർദത്തിന്റെയും ഫലമായി വഖ്ഫ് ചുമതലയുള്ള മന്ത്രി പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ ചേർന്ന അടിയന്തരയോഗം നേർച്ച തടഞ്ഞ വഖ്ഫ് ബോർഡ് ഉത്തരവ് റദ്ദാക്കുകയും നേർച്ചക്ക് അനുമതി നൽകുകയും ചെയ്തു (6539/ എഫ് 2/07 റവന്യൂ-20.01.2007).

നേർച്ചക്കെതിരെ ശക്തമായി രംഗത്തുവന്ന മുസ്‌ലിം ഐക്യവേദിയിൽ എൻ.ഡി.എഫിനു നല്ല സ്വാധീനമുണ്ടായിരുന്നു. മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടിയിലെ ചിലർ എൻ.ഡി.എഫിനോടൊപ്പം ചേർന്ന് നേർച്ചക്കെതിരെ രംഗത്തുവന്നിരുന്നു എന്നതും ശ്രദ്ധേയമാണ്. നേർച്ച നടന്നാൽ കലാപമുണ്ടാവും എന്ന വാദം ശരിയാണെന്ന് വരുത്തിത്തീർക്കുന്ന രൂപത്തിലായിരുന്നു നേർച്ചയുടെ തലേദിവസം തന്നെ രവിയെ വധിക്കാൻ തെരഞ്ഞെടുത്തതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇത് രവിയുടെ ഘാതകർക്ക് നേരെ അർഥശങ്കക്കിടമില്ലാതെ വിരൽചൂണ്ടുന്നതായി കുറ്റാന്വേഷണ സംഘം പറയുമ്പോൾ തന്നെ നേർച്ചക്ക് അനുമതി നൽകിയ സർക്കാറും പ്രതിക്കൂട്ടിലാണ് എന്നതാണ് വസ്തുത. ആക്രമണസൂചനയും മുന്നറിയിപ്പും നേരത്തേതന്നെ ലഭിച്ചിട്ടും ആവശ്യമായ മുൻകരുതലെടുക്കാനോ ആക്രമണം നടത്താൻ സാധ്യതയുള്ളവരെ നിരീക്ഷിക്കാനോ സർക്കാർ സംവിധാനം ഉണർന്നു പ്രവർത്തിച്ചില്ലെന്നാണ് ആരോപണം. അതുകൊണ്ടുതന്നെ സർക്കാർ നേർച്ച നടത്താൻ ഉത്തരവിട്ടതിലൂടെ രാഷ്ട്രീയ മുതലെടുപ്പ് ലക്ഷ്യം വെക്കുകയായിരുന്നു എന്നാണ് അനുമാനിക്കേണ്ടത്.

### പടർന്ന ആക്രമണം

നേർച്ചത്തലേന്ന് നടന്ന രവിയുടെ കൊലപാതകത്തിന് ബി.പി അങ്ങാടിയിലോ തൊട്ടു പരിസരത്തോ പ്രതികരണങ്ങളുണ്ടാവുന്നതിനു പകരം തിരൂർ നഗരത്തിലേക്കും മറ്റു ചിലയിടങ്ങളിലേക്കും ആക്രമണം പടർത്തുകയായിരുന്നു സംഘ് പ്രവർത്തകർ. രവിവധത്തെത്തുടർന്ന് നടന്ന ഹർത്താലിൽ റോഡരികിലൂടെ നടന്നു പോവുകയായിരുന്ന തലക്കടത്തൂരിലെ തെണ്ടത്ത് മുഹമ്മദ് റഫീഖിനും തൃപ്രങ്ങോട്ട് ചേമ്പിൻപടിയിലെ പുളിവെട്ടിപ്പറമ്പിൽ സുലൈമാന്നുമാണ് വേട്ടേറ്റത്. ഒരു പ്രകോപനവുമില്ലാതെയായിരുന്നു ഇവരുടെ നേർക്കുള്ള ആക്രമണങ്ങൾ. കേൾവിയും സംസാരശേഷിയും നഷ്ടപ്പെട്ട മുഹമ്മദ് റഫീഖ് ജീവൻ തിരിച്ചുകിട്ടിയത് വലിയ ഭാഗ്യമായി കരുതുന്നു. തലക്കും വയറിനും കാലിനും സാരമായി വെട്ടേറ്റ സുലൈമാൻ ഇതെഴുതുമ്പോഴും മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. കൂലിപ്പണിക്കാരനായ റഫീഖിന്റെയും മദ്റസാ അധ്യാപകനായ സുലൈമാന്റെയും കുടുംബങ്ങൾ സംഭവത്തിനു ശേഷം തീർത്തും നിരാലംബമാണ്.

തൊട്ടടുത്ത ദിവസമായിരുന്നു പൊന്മുണ്ടത്ത് ഹോട്ടൽ തൊഴിലാളിയായ യുവാവിന് വെട്ടേറ്റത്. കാടാമ്പുഴ കരേക്കാട്ടെ ചേനാടൻകുളമ്പിലെ പിലാത്തോട്ടത്തിൽ ഇബ്റാഹീമിന്റെ മകൻ കുഞ്ഞാലിക്ക് ചൊവ്വാഴ്ച പുലർച്ചെയാണ് വെട്ടേറ്റത്. പുലർച്ചെ ഹോട്ടലിലേക്ക് ജോലിക്ക് പോവുന്ന കുഞ്ഞാലിയെ മൂന്ന് ബൈക്കുകളിലായി എത്തിയ ആറംഗ സംഘമാണ് വെട്ടിപ്പരിക്കേൽപിച്ചത്. ബൈക്ക് നിർത്തി തിരൂരിലേക്ക് വഴി ചോദിച്ചു. വഴി പറഞ്ഞുകൊടുത്തപ്പോൾ എന്താണ് പേര് എന്നു ചോദിച്ചു. കുഞ്ഞാലി പേരു പറഞ്ഞപ്പോൾ ഷർട്ടിന്റെ കോളർ കുത്തിപ്പിടിച്ച് വയലിലേക്ക് തള്ളി വെട്ടുകയായിരുന്നുവെന്ന് കുഞ്ഞാലി പറയുന്നു. മത്സ്യം കയറ്റിവന്ന ലോറി കണ്ട അക്രമികൾ ഉടൻ രക്ഷപ്പെടുകയായിരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുഞ്ഞാലി സുഖം പ്രാപിച്ചുവരുന്നതായി ആശുപത്രി വൃത്തങ്ങൾ പറയുന്നു. ഈ ആക്രമണങ്ങൾ ആർ.എസ്.എസ്സുകാർ ആസൂത്രിതമായി നടത്തിയതായാണ് സൂചന. കലാപം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അത് പലയിടങ്ങളിൽ പെട്ടെന്ന് പടരാനായിരുന്നു ഇത്തരം നീക്കങ്ങളെന്ന് വിലയിരുത്തപ്പെടുന്നു.

തൊട്ടടുത്ത ദിവസം ഒറ്റപ്പെട്ട സംഭവങ്ങൾ എന്നതിലപ്പുറം കലാപരൂപം പൂണ്ട് ആക്രമണം ശക്തിയാർജിക്കുന്ന ചിത്രമാണ് കാണാൻ കഴിഞ്ഞത്. താനൂർ മൂലക്കൽ ഹോട്ടൽ വ്യാപാരിയായ പറയംപാട്ട് ദേവദാസ് ആക്രമിക്കപ്പെടുകയായിരുന്നു. നേരത്തേ ബാലഗോകുലം ശോഭയാത്രക്കെതിരെ ബോംബുണ്ടാക്കുന്നതിനിടയിൽ ശ്രീകാന്ത് എന്ന യുവാവ് കൊല്ലപ്പെട്ട സംഭവത്തിലെ പ്രതി എന്നു

പറയപ്പെടുന്ന ദേവദാസിനെ വെട്ടുന്നത് തടയാൻ ചെന്ന പറക്കാട്ട് മൊയ്തീൻ കുട്ടിക്കും അക്രമികളുടെ വെട്ടേൽക്കുകയായിരുന്നു. ഈ സംഭവത്തിന് തൊട്ടുടനെ തന്നെ പന്ത്രണ്ടോളം വരുന്ന ആർ.എസ്.എസ്സുകാർ ദേവദാസിന്റെ തൊട്ടടുത്ത വീട്ടിൽ താമസിക്കുന്ന ഒറ്റയിൽ ശംസുദ്ദീന്റെ വീട്ടിലേക്ക് ഇരച്ചുകയറി ശംസുദ്ദീനെ വെട്ടിപ്പരിക്കേൽപിച്ചു. സംഭവം കണ്ട് അലറിവീണ മാതാവിനും ഭാര്യക്കും വാളുകൊണ്ട് വെട്ടേറ്റു. ശംസുദ്ദീന്റെ സഹോദരന്മാരായ ശിഹാബുദ്ദീന്റെയും ശറഫുദ്ദീന്റെയും പിന്നാലെ വാളേന്തി ഓടിയ അക്രമികളിൽനിന്ന് ഇരുവരും അയൽവീടുകളിൽ കയറി രക്ഷപ്പെടുകയായിരുന്നു. തൊട്ടടുത്ത മറ്റൊരു എൻ.ഡി.എഫ് പ്രവർത്തകന്റെ വീടിനു നേരെ കല്ലെറിഞ്ഞ് വീടിന്റെ ജനൽ ചില്ലുകളും മറ്റും തകർത്തു. ഇതേ ദിവസം തന്നെയായിരുന്നു തിരൂരിൽ ഓട്ടോ ഡ്രൈവറായ ഇല്ലത്ത് വളപ്പിൽ മനോജ് വധശ്രമത്തിനിരയായത്. മനോജിനെ വധിക്കാൻ ശ്രമിച്ചത് എൻ.ഡി.എഫുകാരാണെന്ന് പറയപ്പെടുന്നു. തികച്ചും ഭീതിദവും ആശങ്കാജനകവുമായിരുന്നു ആ ദിനരാത്രങ്ങൾ.

### ക്രമസമാധാന പാലനത്തിലെ ആശങ്കകൾ

ഒരാഴ്ചയായി അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ട ആക്രമണങ്ങൾ ക്രമസമാധാനപാലനത്തിന് വൻ തിരിച്ചടിയായി. തിരൂരും പരിസരവും മുമ്പൊന്നും കണ്ടിട്ടില്ലാത്തത്ര പോലീസിനെയും അർധസൈനിക വിഭാഗത്തെയും നഗരത്തിലും പരിസരപ്രദേശങ്ങളിലും വിന്യസിച്ചെങ്കിലും ആക്രമണം പലയിടങ്ങളിലായി അരങ്ങേറിയത് പോലീസിനെ ആശങ്കയിലാക്കി. ഏകീകൃതമായ ഒരു സംവിധാനം ഉണ്ടാക്കാൻ കഴിയാതെ ആഭ്യന്തര വകുപ്പുതന്നെ വിയർക്കുന്ന തരത്തിലായിരുന്നു ആക്രമണത്തിന്റെ സ്വഭാവം. കേരളത്തിൽ മറ്റു പലയിടങ്ങളിലും അരങ്ങേറിയ വർഗീയ സംഘർഷങ്ങളെ അപേക്ഷിച്ച് ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകരിക്കാതെ പത്തും പതിനഞ്ചും കിലോമീറ്ററുകൾ ഇടവിട്ട സ്ഥലങ്ങളിലായി അരങ്ങേറിയ ആക്രമണ സംഭവങ്ങളായതിനാലാണ് പോലീസും മറ്റും പതറിയത്. എന്നാൽ ആദ്യ ആക്രമണങ്ങളിലെ പ്രതികളെക്കുറിച്ച് പോലീസിന് വ്യക്തമായ സൂചനകൾ ഉണ്ടായിട്ടും പിടികൂടാൻ കാലവിളംബമുണ്ടായത് ആക്രമണം വ്യാപിക്കാൻ സഹായകമായതായി ആക്ഷേപമുണ്ട്. അതോടൊപ്പംതന്നെ പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത പോലീസ് ഉദ്യോഗസ്ഥരെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ ചുമതലപ്പെടുത്തിയതായും ആരോപണമുയർന്നു.

### മുഹമ്മദലി വധം

രണ്ടു ദിവസത്തെ ശാന്തതക്കുശേഷം മുത്തൂരിലെ മുഹമ്മദലി വധിക്കപ്പെട്ടത് അതിക്രൂരമായ നിലയിലായിരുന്നു. ഒരു പ്രഫഷണൽ സംഘത്തിന്റെ ആക്രമണത്തേക്കാൾ ഭീതിദമായ രൂപത്തിൽ ഇരുപതിലധികം മുറിവുകളോടെയാണ് ഈ യുവാവ് കൊല്ലപ്പെട്ടത്. സ്വന്തം ഓട്ടോറിക്ഷ വീട്ടിൽ നിർത്തിയിട്ട് റെയിൽ ഓവുപാലത്തിൽ വിശ്രമിക്കുന്നതിനിടെയാണ് മുഹമ്മദലിക്ക് വെട്ടേറ്റത്. അക്രമികൾ നേരത്തേതന്നെ പാലത്തിനടിയിൽ ഒളിച്ചിരുന്നുവെന്ന് സംശയിക്കുന്നുണ്ട്. രാത്രി എട്ടുമണിയോടെ അരങ്ങേറിയ ഈ കൊലപാതകത്തിന് അക്രമികളെ പ്രേരിപ്പിച്ചത് എന്തെന്ന് ഇപ്പോഴും വ്യക്തമല്ല. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ മതസംഘടനയുമായോ എൻ.ഡി.എഫ് പോലുള്ള സംഘടനകളുമായോ ഈ യുവാവിന് ഒരു ബന്ധവുമുണ്ടായിരുന്നില്ല. എന്നിട്ടും ഇയാൾ വധിക്കപ്പെട്ടത് പ്രദേശവാസികളെ ആശങ്കാകുലരാക്കിയിട്ടുണ്ട്. ഹിന്ദുക്കളും മുസ്‌ലിംകളും ഇടകലർന്ന് ജീവിക്കുന്ന ഈ പ്രദേശത്ത് നാളിതുവരെ ഒരസ്വാരസ്യവും ഉണ്ടായിട്ടില്ലെന്ന് പ്രദേശത്തെ ഇരുവിഭാഗം ജനങ്ങളും പറയുന്നു.

### തിരൂരിന്റെ സഹനം

ഒരാഴ്ചയിലധികം ആധിയും ആകുലതകളും സമ്മാനിച്ച് അക്രമികൾ താണ്ഡവമാടിയിട്ടും സഹനത്തിന്റെയും ക്ഷമയുടെയും അതിര് ഭേദിക്കാതെ തിരൂരും താനൂരും പിടിച്ചുനിന്നത് കേരളത്തിനു തന്നെ മാതൃകയാകേണ്ടതാണ്. പ്രകോപനങ്ങൾ പലതുണ്ടായിട്ടും പ്രദേശം കാത്തുസൂക്ഷിച്ച മഹനീയ മാതൃക നിസ്സംഗതയുടേതായിരുന്നില്ല. സർവകക്ഷികളും വിപൽസന്ധിക്കെതിരെ സജ്ജരാവുകയായിരുന്നു. ഊഹാപോഹങ്ങൾ ഊതിക്കെടുത്തി അകലാൻ വെമ്പുന്ന മനസ്സുകളെ അടുപ്പിക്കുന്നതിൽ അധികൃതരും പങ്കുവഹിച്ചിട്ടുണ്ട്. ഇനിയും കാപാലികർക്ക് നൃത്തമാടാൻ കളമൊരുക്കിക്കൊടുക്കുകയാണെങ്കിൽ ഐക്യത്തിന്റെ പാരമ്പര്യത്തിന് കത്തിവെക്കപ്പെടും എന്ന തിരിച്ചറിവായിരുന്നു അതിന് കാരണം.

### തിരിച്ചറിയേണ്ടത്

'മലപ്പുറം ഭീതിദമാണ്. മതമൗലികവാദികളും വിഘടനവാദികളും കള്ളപ്പണക്കാരും ജില്ലയിൽ ആധിപത്യം നേടിയിട്ടുണ്ട്. ജില്ല പൊട്ടിത്തെറിയുടെ വക്കിലാണ്. ഇവിടെ ന്യൂനപക്ഷമായ ഹിന്ദുക്കൾ കശ്മീരിലെ പണ്ഡിറ്റുകളെപ്പോലെ ആട്ടിയോടിക്കപ്പെടും. കള്ളനോട്ടും കള്ളപ്പണവും കൊണ്ട് സമാന്തര സാമ്പത്തിക വ്യവസ്ഥ സൃഷ്ടിക്കാൻ വരെ മലപ്പുറത്തുകാർ തയാറെടുക്കുന്നു'- ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.കെ. കൃഷ്ണദാസിന്റേതാണ് ഈ വായ്ത്താരി. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലധികമായി സംഘ്ശക്തികൾ അണികളെ ഉത്തേജിപ്പിക്കുന്ന രീതിയാണിത്. എന്നാൽ വിവേകമതികളായ മലപ്പുറത്തുകാർ അത് തിരിച്ചറിഞ്ഞു. അതുകൊണ്ടുതന്നെ ഊഷ്മള ബന്ധങ്ങൾ നിലനിർത്തി പരസ്പര വിശ്വാസത്തോടെ ജീവിക്കാൻ ജാതിമതഭേദമന്യേ ഇവിടത്തുകാർക്ക് സാധിക്കുന്നു. ഈ ബന്ധങ്ങളുടെ വേരറുക്കാൻ ആര് ശ്രമിച്ചാലും അത് ചെറുത്തേ മതിയാവൂ. ■